പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2246 **27-10-2026-ൽ മറുപടിയ്ക്ക്**

ലഹരി വിമുക്ത കൗൺസിലിംഗ് ലഭ്യത

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

ശ്രീ. പി. കെ. നവാസ്

ശ്രീമതി ഫാത്തിമ തഹിലിയ

മറുപടി നൽകിയ മന്ത്രി

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഓപ്പറേഷൻ ദുഫാൻ ഉൾപ്പെടെയുള്ള ലഹരി വിരുദ്ധ റെയ്ഡുകളിലൂടെ പിടിക്കപ്പെടുന്നവരിലും ലഹരിക്ക് അടിമപ്പെട്ടവരിലും പുതിയ തലമുറയുടെ അതിപ്രസരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലഹരിക്ക് അടിപ്പെട്ടവരെ സമൂഹത്തിലേക്ക് ഉത്തമ പൗരന്മാരായി തിരികെ കൊണ്ടുവരുന്നതിനായി നിലവിൽ സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന ഡി-അഡിക്ഷൻ (De-addiction) കൗൺസിലിംഗ് കേന്ദ്രങ്ങളുടെ എണ്ണം പര്യാപ്തമാണോ എന്ന് വ്യക്തമാക്കാമോ;

മറുപടി: എല്ലാ ജില്ലകളിലെയും സർക്കാർ/ജനറൽ ആശുപത്രികളിൽ പ്രത്യേക ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ദുഫാൻ കെയർ പദ്ധതിയുടെ ഭാഗമായി ലഹരിക്ക് അടിമപ്പെട്ടവരെ കണ്ടെത്തി അവർക്ക് മികച്ച ചികിത്സയും കൗൺസിലിംഗും ശാസ്ത്രീയമായ പുനരധിവാസവും ഉറപ്പാക്കുന്നതിനായി ഐ.എം.എ (IMA) പ്രോട്ടോക്കോൾ അനുസരിച്ച് വിവിധ ആശുപത്രികളുമായി സഹകരിച്ച് ചികിസാ സൗകര്യം ഒരുക്കിയിട്ടുണ്ട്.

(സി) നിലവിലുള്ള ഡി-അഡിക്ഷൻ കൗൺസിലിംഗ് കേന്ദ്രങ്ങൾക്ക് പുറമേ ഓരോ മണ്ഡലം അടിസ്ഥാനത്തിലോ ബ്ലോക്ക് അടിസ്ഥാനത്തിലോ ഡി-അഡിക്ഷൻ സെന്ററുകൾ തുടങ്ങാനുള്ള കാര്യം പരിഗണനയിലുണ്ടോ;

മറുപടി: പരിഗണിക്കാവുന്നതാണ്.

(ഡി) അത്യാധുനിക സൗകര്യങ്ങളോട് കൂടിയ സൗജന്യ പുനരധിവാസ കേന്ദ്രങ്ങൾ ഇത്തരത്തിൽ ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

മറുപടി: പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ